**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3088** **14-02-2024 - ൽ മറുപടിയ്ക്ക്**

**റെഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. കെ. എം. അഷ്‌റഫ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് ജില്ലയിലെ കുമ്പള പഞ്ചായത്തിൽ കുമ്പള പുഴയ്ക്ക് കുറുകെയുള്ള ചെക്ക് ഡാം കം ബ്രിഡ്ജ് കാലപ്പഴക്കത്താൽ അപകടാവസ്ഥയിലായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | കാസർഗോഡ് ജില്ലയിലെ കുമ്പള പഞ്ചായത്തിലെ കുമ്പള പുഴയ്ക്കു കുറുകെയുള്ള "Salt Water Extrusion Cross Bar cum Bridge" ന്റെ ഭാഗമായ പാലത്തിന്റെ അപകടാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിനാൽ പാലം അടച്ചിടാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | പ്രസ്തുത സ്ഥലത്ത് റെഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മിക്കാൻ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പദ്ധതിയുടെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ; | (ബി) | പ്രസ്തുത സ്ഥലത്ത് റെഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കിയിട്ടില്ല. എന്നാൽ നിലവിലെ "Salt Water Extrusion Cross Bar cum Bridge പുതുക്കി പുതിയ "Salt Water Extrusion Cross Bar cum Bridge” നിർമ്മിക്കുന്നതിനുള്ള ഡിസൈൻ തയ്യാറാക്കി യിരുന്നെങ്കിലും, പ്രസ്തുത ഡിസൈൻ വഴിയുള്ള പദ്ധതി നടപ്പിലാക്കിയാൽ പ്രസ്തുത സ്ഥലത്ത് അധികമായി ഭൂമി ഏറ്റെടുക്കേണ്ടതായി വരും. ആയതിനാൽ ഭൂമി ഏറ്റെടുക്കുന്നത് ഒഴിവാക്കുന്നതിനായി നിലവിലെ ഡിസൈൻ പുതുക്കി പാലത്തിന്റെ ഉയരം കുറയ്ക്കുന്നതിനു വേണ്ടിയുള്ള നടപടികൾ നടന്നു വരുന്നു. |
| (സി) | പദ്ധതി പൂർത്തിയാകുന്നതോടെ കൈവരിക്കാനാകുന്ന ഭൗതിക നേട്ടങ്ങൾ വിശദമാക്കുമോ; | (സി) | പ്രസ്തുത പദ്ധതി പൂർത്തീകരിക്കുന്നത് വഴി 200 ഓളം ഹെക്ടർ കൃഷിസ്ഥലത്ത് ജലം ലഭ്യമാക്കാൻ കഴിയുന്നതാണ്. കൂടാതെ മഞ്ചേശ്വരം പ്രദേശത്തെ Major district road ഈ SWECB യുടെ ഭാഗമായിട്ടുള്ള പാലത്തിലൂടെയാണ് കടന്നു പോകുന്നത്. ആയതിനാൽ ഈ പാലം പുതുക്കി നിർമ്മിക്കുന്നത് വഴി വാഹന ഗതാഗതം കൂടി സുഗമമാകുന്നതാണ്. |
| (ഡി) | പ്രസ്തുത പദ്ധതിക്ക് എപ്പോൾ ഭരണാനുമതി നൽകുമെന്ന് വ്യക്തമാക്കുമോ; | (ഡി) | പുതുക്കിയ ഡിസൈൻ ലഭിക്കുന്ന മുറയ്ക്ക് പ്രൊജക്ട് റിപ്പോർട്ട് തയ്യാറാക്കി ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ് |

| | | | |
|---|---|---|---|
| (ഇ) | പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി നൽകുന്നതിന് കാലതാമസം നേരിടുന്നത് എന്ത് കൊണ്ടാണെന്ന് വ്യക്തമാക്കുമോ? | (ഇ) | പുതുക്കിയ ഡിസൈൻ ലഭിക്കുന്ന മുറയ്ക്ക് പ്രൊജക്റ്റ് റിപ്പോർട്ട് തയ്യാറാക്കി ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ് |

സെക്ഷൻ ഓഫീസർ